ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. പത്തനംതിട്ട 110 കെ.വി. സബ്സ്റ്റേഷനിൽ 12.5 എം.വി.എ.യുടെ രണ്ട് 110/11 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. റാന്നി, കോഴഞ്ചേരി എന്നീ 66 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി. ആയി ഉയർത്തുക.

3. കക്കാട് പദ്ധതി പൂർത്തിയാക്കുമ്പോൾ നിർത്താലാക്കുന്ന സീതത്തോട് 66 കെ.വി. സബ്സ്റ്റേഷന് പകരം അവിടെ ഒരു 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുക.

4. കുമ്പനാട്, കോന്നി, കടപ്ര, പന്തളം, റാന്നി-പെരുനാട് എന്നിവിടങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുക.

(ബി) പത്തനംതിട്ട 110 കെ.വി. സബ്സ്റ്റേഷൻ 1994-ൽ കമ്മീഷൻ ചെയ്തു. എന്നാൽ പ്രസ്തുത സബ്സ്റ്റേഷനിൽ തന്നെ സ്ഥാപിക്കുന്ന 12.5 എം.വി.എ. യുടെ രണ്ട് 110/11 കെ.വി. ട്രാൻസ് ഫോർമറുകൾ, കക്കാട് പദ്ധതി പൂർത്തിയാകുമ്പോൾ കമ്മിഷൻ ചെയ്യുന്നതാണ്.

(സി) കോഴഞ്ചേരി, റാന്നി സബ്സ്റ്റേഷനുകൾ 110 കെ.വി സബ്സ്റ്റേഷനുകളാക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കക്കാട് പദ്ധതി പൂർത്തിയാക്കുമ്പോൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്ന സീതത്തോട് 66 കെ.വി. സബ്സ്റ്റേഷനു പകരം അവിടെ തന്നെ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ചിറ്റാറിലും ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

142 (2520) റാന്നി നിയോജകമണ്ഡലത്തിലെ ലൈൻ തകരാറുകൾ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ റാന്നി നിയോജകമണ്ഡലത്തിൽ ലൈൻ തകരാറുകൾ നിരന്തരമുണ്ടാകുന്നതുമൂലം നീണ്ട കാലത്തേയ്ക്ക് വൈദ്യുതി ഇല്ലാതാകുന്നതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസുകളിൽ നിന്നും 20 മുതൽ 40 കി.മീറ്റർ വരെ അകലങ്ങളിലുള്ള ജനവാസമുള്ള കേന്ദ്രങ്ങളായ സീതത്തോട്, വെച്ചൂച്ചിറ, പെരിനാട് എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ ആഫീസുകൾ അനുവദിക്കുമോ;

(സി) വൃക്ഷങ്ങൾക്കിടയിലൂടെയുള്ള വൈദ്യുതി ലൈനുകൾ കേബിളിനുള്ളിലാക്കാൻ നടപടി സ്വീകരിക്കുമോ:

ഉത്തരം

(എ) വൈദ്യുതി ലൈനുകളിൽ തട്ടിക്കിടക്കുന്ന ഓലകൾ, വൃക്ഷ ശിഖരങ്ങൾ മുതലായവ സമയാസമയങ്ങളിൽ നീക്കം ചെയ്തു വരുന്നുണ്ട്. പ്രകൃതി ക്ഷോഭം മൂലമോ, മറ്റു അവിചാരിത കാരണങ്ങൾ മൂലമോ ലൈനുകളിൽ വീഴുന്ന വൃക്ഷങ്ങളും മറ്റും വെട്ടി മാറ്റി വൈദ്യുതി തടസ്സം പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സീതത്തോട്, വെച്ചൂച്ചിറ, പെരിനാട് എന്നീ സ്ഥാലങ്ങളിൽ ഇപ്പോൾ ഓവർസിയർ ഓഫീസ് നിലവിലുണ്ട്. സംസ്ഥാന സർക്കാരിന്റെ പുതിയ പവർ പോളിസി നടപ്പാക്കിക്കഴിഞ്ഞുമാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുക യുള്ളൂ.

(സി) ഇത് ഭീമമായ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതായതിനാൽ പ്രായോഗികമല്ല.

143 (2521) വൈദ്യുതി കണക്ഷനുവേണ്ടി പ്രത്യേക മീറ്റർ ഘടിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി.എസ്. സുപാൽ · താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ കുളത്തൂപ്പുഴ, ആയിരനല്ലൂർ എസ്റ്റേറ്റുകളിലെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ഓരോ കുടുംബത്തിനും പ്രത്യേക വൈദ്യുതി കണക്ഷനുവേണ്ടി പ്രത്യേക മീറ്റർ ഘടിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഏതെല്ലാം കോളനികളിൽ എത്ര ക്വാർട്ടേഴ്സുക ളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കുടുംബത്തിനും പ്രത്യേക മീറ്റർ വയ്ക്കുവാൻവേണ്ടി എത്ര പുതിയ കണക്ഷനുകൾക്ക് പണം അടച്ചിട്ടുണ്ട്; എന്നാണ് അടച്ചത്;

(ഡി) പ്രത്യേക മീറ്ററുകൾ വയ്ക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് എന്നത്തേയ്ക്ക് പുതിയ കണക്ഷൻ ലഭിക്കും എന്ന് വ്യക്തമാക്കുമോ

ഉത്തരം

(എ) ഉണ്ട്.

(ബി) കുളത്തൂപ്പുഴ എസ്റ്റേറ്റിലെ കോളനികളിൽ ഈ പദ്ധതി നടപ്പിലാ ക്കിയിട്ടില്ല. ആയിര നെല്ലൂർ എസ്റ്റേറ്റിലെ കോളനികളെ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

ആയിരനെല്ലൂർ

1) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - I
2) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - II
3) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - III
4) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - IV
5) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - V
6) ആയിരനെല്ലൂർ ആർ.പി.എൽ കോളനി ബ്ലോക്ക് - VI

ആയിരനെല്ലൂർ എസ്റ്റേറ്റിലെ 244 കുടുംബങ്ങൾക്ക് പ്രത്യേക മീറ്റർ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly